**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2079** **01-09-2022 - ൽ മറുപടിയ്ക്ക്**

**അച്ചൻകോവിൽ പി.എച്ച്.സി. യിലെ കിടത്തി ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അച്ചൻകോവിൽ പി.എച്ച്. സി. കെട്ടിടം പ്രവർത്തനം ആരംഭിക്കുമ്പോൾ അതിനോടനുബന്ധിച്ച് കിടത്തി ചികിത്സ ആരംഭിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദമാക്കാമോ; | (എ) | **ആർദ്രം മാനദണ്ഡ പ്രകാരം പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ കിടത്തി ചികിത്സ വിഭാവനം ചെയ്യുന്നില്ല. അച്ചൻകോവിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ 3കോടി 33 ലക്ഷം രൂപ NHM -ROP ഫണ്ട് അനുവദിച്ച് കെട്ടിടം പണി പൂർത്തിയാക്കിയിട്ടുണ്ട്. ടി കെട്ടിടത്തിൽ രോഗികൾക്ക് ആവശ്യം വേണ്ടുന്ന ഒബ്സർവേഷൻ ചികിത്സ റൂം, ഒ പി റൂം, മൈനർ തീയറ്റർ, ഇഞ്ചക്ഷൻ റൂം, സ്റ്റോർ റൂം, ഫാർമസി റൂം, സ്റ്റാഫ് കോട്ടേജ് എന്നിവ പ്രവർത്തിക്കുന്നു. ആശുപത്രിയിൽ നിലവിൽ ഒ.പി സേവനം, ജീവിതശൈലി രോഗനിർണയ ക്ലിനിക്, പ്രതിരോധ കുത്തിവയ്പ്, പകർച്ചവ്യാധി പ്രതിരോധ പരിപാടികൾ എന്നീ സേവനങ്ങൾ നൽകുന്നു.**<br><br>സ്ഥാപനത്തിലെ ജീവനക്കാർക്ക് താമസസൗകര്യം ഇല്ലാത്തതിനാലും ദിവസേന വനപാതയിലൂടെയുള്ള യാത്ര ബുദ്ധിമുട്ട് ആയതിനാലും നിർമ്മാണം പൂർത്തിയാക്കിയ പുതിയ പ്രാഥമികാരോഗ്യകേന്ദ്ര കെട്ടിടത്തിന്റെ മൂന്നാം നിലയിൽ ആരോഗ്യ പ്രവർത്തകർക്ക് താമസിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ടി കെട്ടിടം ഉദ്ഘാടനം ചെയ്യുന്നതോടു കൂടി അത്യാവശ്യ ഘട്ടങ്ങളിൽ സേവനം നൽകുവാൻ സാധിക്കുന്നതാണ്. കൂടാതെ NHM മുഖേന 1 ഡോക്ടർ, 1- സ്റ്റാഫ് നഴ്സ് എന്നിവ അനുവദിച്ചു നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ട വ്യക്തികൾക്ക് വിവിധ പദ്ധതികളിൽ സൗജന്യ ചികിത്സയും, സൗജന്യയാത്രാസൗകര്യം ലഭ്യമാക്കുന്നതിനും ട്രൈബൽ വെൽഫയർ പദ്ധതികൾ പരമാവധി |

| | | | |
|---|---|---|---|
| | | | പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | വനപാതയിലൂടെ 50 കിലോമീറ്ററിലധികം യാത്ര ചെയ്ത് മാത്രം അടുത്തുള്ള പുനലൂർ താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടേണ്ട സാഹചര്യമുള്ളതിനാൽ അച്ചൻകോവിൽ പി.എച്ച്. സി. യിൽ കിടത്തിച്ചികിത്സ ആരംഭിക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) | **ആർദ്രം മാനദണ്ഡ പ്രകാരം പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ കിടത്തി ചികിത്സ വിഭാവനം ചെയ്യുന്നില്ല. അച്ചൻകോവിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ 3കോടി 33 ലക്ഷം രൂപ NHM -ROP ഫണ്ട് അനുവദിച്ച് കെട്ടിടം പണി പൂർത്തിയാക്കിയിട്ടുണ്ട്. ടി കെട്ടിടത്തിൽ രോഗികൾക്ക് ആവശ്യം വേണ്ടുന്ന ഒബ്സർവേഷൻ ചികിത്സ റൂം, ഒ പി റൂം, മൈനർ തീയറ്റർ, ഇഞ്ചക്ഷൻ റൂം, സ്റ്റോർ റൂം, ഫാർമസി റൂം, സ്റ്റാഫ് കോട്ടേജ് എന്നിവ പ്രവർത്തിക്കുന്നു. ആശുപത്രിയിൽ നിലവിൽ ഒ.പി സേവനം, ജീവിതശൈലി രോഗനിർണയ ക്ലിനിക്, പ്രതിരോധ കുത്തിവയ്പ്, പകർച്ചവ്യാധി പ്രതിരോധ പരിപാടികൾ എന്നീ സേവനങ്ങൾ നൽകുന്നു.**<br><br>സ്ഥാപനത്തിലെ ജീവനക്കാർക്ക് താമസസൗകര്യം ഇല്ലാത്തതിനാലും ദിവസേന വനപാതയിലൂടെയുള്ള യാത്ര ബുദ്ധിമുട്ട് ആയതിനാലും നിർമ്മാണം പൂർത്തിയാക്കിയ പുതിയ പ്രാഥമികാരോഗ്യകേന്ദ്ര കെട്ടിടത്തിന്റെ മൂന്നാം നിലയിൽ ആരോഗ്യ പ്രവർത്തകർക്ക് താമസിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ടി കെട്ടിടം ഉദ്ഘാടനം ചെയ്യുന്നതോടു കൂടി അത്യാവശ്യ ഘട്ടങ്ങളിൽ സേവനം നൽകുവാൻ സാധിക്കുന്നതാണ്. കൂടാതെ NHM മുഖേന 1 ഡോക്ടർ, 1- സ്റ്റാഫ് നഴ്സ് എന്നിവ അനുവദിച്ചു നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ട വ്യക്തികൾക്ക് വിവിധ പദ്ധതികളിൽ സൗജന്യ ചികിത്സയും, സൗജന്യയാത്രാസൗകര്യം ലഭ്യമാക്കുന്നതിനും ട്രൈബൽ വെൽഫയർ പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ